6439
8/6/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - വയനാട് നിർഭയ ഷെൽറ്റർ ഹോം - കെട്ടിട നിർമ്മാണത്തിനായി അധിക തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 303/2015/സാനീവ തീയതി, തിരുവനന്തപുരം 02.06.2015

---

പരാമർശം: 1) സ.ഉ(സാധാ)നം.337/2013/സാനീവ തീയതി 08.07.2013.
2) സാമൂഹ്യനീതി ഡയറക്ടറുടെ 20.04.2015 ലെ എഫ്5/23503/13 നമ്പർ കത്ത്.
3) 16.05.2015 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

## ഉത്തരവ്

വയനാട്, ജില്ലയിൽ നിർഭയ ഷെൽറ്റർ ഹോമിന് പുതിയ കെട്ടിടം പണിയുന്നതിനായി സൂചന (1) പ്രകാരം 52 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത തുകയ്ക്ക് ടി കെട്ടിടം പൂർത്തീകരിയ്ക്കുവാൻ സാധിക്കുകയില്ലായെന്നും ടി കെട്ടിടത്തിനായി ആകെ 299.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് വയനാട് PWD എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. ആയതിൽ ഭരണാനുമതി ലഭിച്ച 52 ലക്ഷം രൂപ കുറച്ച് 247.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകണമെന്നും ടി തുക നടപ്പ് സാമ്പത്തിക വർഷത്തെ 4235-02-103-99 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 8 കോടി രൂപയിൽ നിന്നും കണ്ടെത്താവുന്നതാണെന്നും സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(2) 16.05.2015 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് നിർഭയ ഷെൽറ്റർ ഹോമിന് പുതിയ കെട്ടിടം പണിയുന്നതിന് PWD വയനാട് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച 299.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ സൂചന (1) പ്രകാരം ഭരണാനുമതി നൽകിയ 52 ലക്ഷം രൂപ കുറച്ച് ബാക്കി 2,47,50,000 രൂപയ്ക്ക് (രണ്ടു കോടി നാൽപത്തിയേഴ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ഭരണാനുമതി നൽകിയും പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തെ 4235-02-103-99 (പി) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ.ഷാജഹാൻ,
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ